പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2415 — 12/03/2020 ൽ മറുപടിക്ക്

**സംസ്ഥാനത്ത് ദൈനംദിനം വേണ്ടുന്ന കോഴി ഇറച്ചി, മുട്ട എന്നിവയുടെ അളവ്**

ചോദ്യം

**ശ്രീ.കെ.ജെ. മാക്സി**

മറുപടി

**അഡ്വ .കെ.രാജു**

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി).

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ദൈനംദിനം വേണ്ടുന്ന കോഴി ഇറച്ചി, മുട്ട എന്നിവയുടെ അളവ് എത്രയെന്നും എത്ര ഉല്പാദനം നടക്കുന്നുവെന്നും ഇതിലേയ്ക്കായി ഇതര സംസ്ഥാനങ്ങളെ എത്രത്തോളം ആശ്രയിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ കോഴി ഇറച്ചിയുടെ ഉപഭോഗം/ആവശ്യകത സംബന്ധിച്ച ആധികാരികമായ കണക്ക് വകുപ്പിൽ ലഭ്യമല്ല. 2018-19 ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ കോഴി ഇറച്ചിയുടെ വാർഷിക ഉല്പാദനം 178027 മെട്രിക് ടൺ ആണ്. മറ്റ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന കോഴി വർഗ്ഗങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിച്ച മാംസം ഉൾപ്പെടെയുള്ള കണക്കാണിത്. 138628 മെട്രിക് ടൺ മറ്റ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വന്ന കോഴി വർഗ്ഗങ്ങളിൽ നിന്ന ഉൽപ്പാദിപ്പിച്ച മാംസമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ മുട്ടയുടെ ഉപഭോഗം/ആവശ്യകത സംബന്ധിച്ച ആധികാരികമായ കണക്ക് വകുപ്പിൽ ലഭ്യമല്ല. 2018-19 ലെ എസ്റ്റിമേഷൻ അനുസരിച്ച് സംസ്ഥാനത്തെ മുട്ടയുടെ വാർഷിക ഉല്പാദനം 22917 ലക്ഷമാണ്. 2018-19 വർഷം 23492 ലക്ഷം മുട്ടകൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്തിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമില്ലാത്ത പ്രസ്തുത ഉല്പന്നങ്ങൾ സംസ്ഥാനത്ത് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഗുണനിലവാരമില്ലാത്ത ഉല്പന്നങ്ങൾ സംസ്ഥാനത്ത് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴി ഇറച്ചി, മുട്ട എന്നീ ഉല്പന്നങ്ങളുടെ ഗുണനിലവാരം പരിശോധന നടത്തുന്നത് തദ്ദേശസ്വയംഭരണ വകുപ്പും ഫുഡ് സേഫ്റ്റി അതോറിറ്റിയുമാണ്. |
| (സി) | സംസ്ഥാനത്ത് വിപണനം നടത്തുന്ന പ്രസ്തുത ഉല്പന്നങ്ങൾ ഗുണനിലവാരമില്ലാത്തവയാണോ യെന്ന് പരിശോധിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ; | | |
| (ഡി) | എങ്കിൽ ആയത് തടയുവാൻ സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും 2018-19, 2019-20 വർഷങ്ങളിൽ ഇത്തരത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർ എത്രയെന്നും അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ